**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1547** **12-02-2025 - ൽ മറുപടിയ്ക്ക്**

**റീ-സർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എത്ര വില്ലേജുകളിൽ ഇനിയും റീസർവ്വേ റെക്കോർഡുകൾ നിലവിൽ വരാനുണ്ടെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജു കളിൽ 922 വില്ലേജുകളിൽ റീ സർവെ പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 744 വില്ലേ ജുകളിൽ റീസർവെ റിക്കാർഡുകൾ നിലവിൽ വരാനുണ്ട്. |
| (ബി) | വസ്തു ഉടമകളിൽ നിന്നും വസ്തു സംബന്ധമായ രേഖകൾ പരിശോധിക്കാതെയും അവരുമായി യാതൊരുവിധത്തിലുമുള്ള ചർച്ചകൾ നടത്താതെയും നടത്തിയ റീസർവ്വേ നടപടികളിലൂടെ ഒട്ടേറെ പരാതികൾ ഉണ്ടായിരിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | മുൻകാലത്തെ റീസർവെ നടപടികളിൽ പൊതുജനങ്ങളുടെയോ ജനപ്രതിനിധികളുടെയോ പങ്കാളിത്തം ഇല്ലാതിരുന്നത് കൊണ്ട് ഇത്തരത്തിൽ ആരോപണങ്ങൾ ഉണ്ടായിട്ടുണ്ട്.<br><br>റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിനു കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ എല്ലാ പരാതികളും (LRM പരാതികൾ) ഭൂരേഖ തഹസിൽദാർ മുഖേനയാണ് പരിഹരിച്ചു വരുന്നത്. LRM വിഭാഗത്തിലേക്ക് ആവശ്യമായ ജീവനക്കാരെ ബന്ധപ്പെട്ട ജില്ലാ കളക്ടർ ആവശ്യപ്പെടുന്നതനുസരിച്ച് വകുപ്പിൽ നിന്നും നിയോഗിച്ചു വരുന്നു.നിലവിൽ സംസ്ഥാനത്ത് അത്യാധുനിക സർവെ ഉപകരണങ്ങളും, നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഡിജിറ്റൽ സ ർവെ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഡിജിറ്റൽ സർവെ നടത്തുന്ന വില്ലേജുകളുടെ മാപ്പുകളും, അനുബന്ധ വിവരങ്ങളും "എന്റെ ഭൂമി " (https://entebhoomi.kerala.gov.)<br><br>ൽ ഓൺലൈനായോ, ബന്ധപ്പെട്ട ക്യാമ്പ് ഓഫീസ് സന്ദർശിച്ചോ പരിശോധിക്കാവുന്നതാണ്. പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയും ജനപ്രതിനിധികളുടെ സ ഹകരണത്തോടെയുമാണ് |

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ സർവെ നടപടികൾ നടന്നു വരുന്നത്. കൂടാത പൊതു ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനും, പരാതികൾ പരിഹരിക്കുന്നതിനും സഹായിക്കുന്നതിനായി വാർഡ് തലത്തിൽ ഉള്ള ലോക്കൽ വോളണ്ടിയർമാരെ കൂടി ചേർത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 'സർവെ ജാഗ്രത സമിതികളും ' രൂപീകരി ച്ചിട്ടുണ്ട്. കൂടാതെ ഇതിനായി ഗ്രാമസഭമാ തൃകയിൽ പ്രത്യേക സർവ്വെ സഭയും ചേരുന്നുണ്ട്. കേരള സർവെ അതിരടയാള നി യമം പ്രകാരം സെക്ഷൻ 9(2) പ്രസിദ്ധീക രിക്കുന്നതിനു മുൻപ് ബന്ധപ്പെട്ട വില്ലേജുക \|ളിൽ എല്ലാ വാർഡ് തലത്തിലും പൊതുജ നങ്ങൾക്കു റിക്കാർഡുകൾ പരിശോധിക്കുന് നതിനു അവസരമുള്ളതും, ആയത് പരിശോധിച്ച് ശ്രദ്ധയിൽപ്പെടുന്ന ആക്ഷേപങ്ങൾ ഉടനടി പരിഹരിച്ച ശേഷം റിക്കാർഡുക ൾ അന്തിമമാക്കുന്നതിനുള്ള സംവിധാനങ്ങ ളും ഏർപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ സർവെ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവെ അതിരടയാള നിയമ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപ നം പ്രസിദ്ധീകരിക്കുകയും, 9(2) പ്രസിദ്ധീക ച്ച ശേഷമുള്ള ഒരു മാസക്കാലം പ്രസ്തുത റിക്കാർഡുകൾ പരിശോധിക്കാവുന്നതും, അ പ്പീൽ പരാതികൾ കൂടി പരിഹരിച്ച്, കുറ്റമറ്റ രീതിയിൽ ഡിജിറ്റൽ സർവെ റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടികളുമാണ് സ്വീകരിച്ചു വരുന്നത്.റീസർവെ പൂർത്തിയാക്കി റിക്കോർഡുകൾ റവന്യൂ ഭരണത്തിനു കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും ഭൂരേഖ തഹസിൽദാർ മുഖേ ന പരിഹരിച്ചു വരുന്നുണ്ട്.ഡിജിറ്റൽ സർവെ പൂർത്തിയാകുന്നതോട ഇത്തത്തിലുള്ള പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണാൻ സാധിക്കുന്നതാണ് |
| (സി) | റീസർവ്വേ നടപടികളിലെ അപാകത മൂലം കരം തീർക്കാൻ കഴിയാതെ വന്നിട്ടുള്ള ഭൂമി പണയപ്പെടുത്തിയോ, വിറ്റോ ചികിത്സ, മക്കളുടെ വിവാഹം തുടങ്ങി വസ്തു ഉടമകളുടെ അടിയന്തിരമായ ആവശ്യങ്ങൾ പരിഹരിക്കാൻ കഴിയാതെ വരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പോലീസ് വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഇത്തരത്തിൽ വീഴ്ച ശ്രദ്ധയിൽ പ്പെട്ടിട്ടുള്ള കേസുകളിൽ വകുപ്പിലെ ഉദ്യോഗ സ്ഥർക്കെതിരെ നിയമാനുസൃത അച്ചടക്ക നടപടികൾ സ്വീകരിച്ച് വരുന്നു.ഇത്തരത്തി ൽ പരാതികൾ ശ്രദ്ധയിൽപ്പെട്ട താൽകാലിക ജീവനക്കാരെ പിരിച്ച് വിട്ടിട്ടുണ്ട്. |
| (ഡി) | ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് റീസർവ്വേ അദാലത്തുകളിൽ അപേക്ഷ സമർപ്പിച്ച വസ്തു ഉടമകളുടെ പക്കൽ നിന്നും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടനിലക്കാരും സർവ്വേയർമാരും റവന്യൂ ഉദ്യോഗസ്ഥരും ചേർന്ന് വൻതുക കൈപ്പറ്റുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | റീസർവെ പൂർത്തിയാക്കി റിക്കോർഡുകൾ റവന്യൂ ഭരണത്തിനു കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും ഭൂരേഖ തഹസിൽദാർ മുഖേ ന പരിഹരിച്ചു വരുന്നുണ്ട്.ഡിജിറ്റൽ സർവെ പൂർത്തിയാകുന്നതോട ഇത്തത്തിലുള്ള പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണാൻ സാധിക്കുന്നതാണ് |

| | | | |
|---|---|---|---|
| (ഇ) | റീസർവ്വേ സംബന്ധമായി ലഭിക്കുന്ന അപേക്ഷകൾ സുതാര്യമായും കുറ്റമറ്റ രീതിയിലും സമയക്രമം പാലിച്ചും മുൻഗണനാക്രമം തെറ്റിക്കാതെയും പരിഹരിച്ചു നൽകുന്നതിന്  അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) | റീസർവെ സമയത്ത് ലഭിക്കുന്ന സർവെ പരാതികൾ അതാതു സമയത്ത് പരിഹരി ച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.റീസർവെ പൂർത്തിയാക്കി റവന്യൂ ഭരണ|ത്തിനു കൈമാറിയതിന് ശേഷം ലഭിക്കുന്ന \|LRM പരാതികൾ ഭൂരേഖ തഹസിൽദാർ മുഖേന പരിഹരിച്ചു വരുന്നുണ്ട്. ഡിജിറ്റൽ സർവെ പൂർത്തിയാകുന്നതോട ഇത്തത്തിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കാ|ൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ